പ്രസിദ്ധീകരണത്തിന്

<u>ക്രയവിലസ്ഥിരതാപദ്ധതി കൂടുതൽ ജനകീയവും സുതാര്യവുമാകുന്നു.</u>

കയർ വ്യവസായരംഗത്തെ ഇടത്തട്ടു ചൂഷണം അവസാനിപ്പിക്കുന്നതിനും ചെറുകിട കയർ ഉൽപ്പന്ന നിർമ്മാതാക്കൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും അവരുടെ കീഴിൽ പണിയെടുക്കുന്ന കയർ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട കൂലി ലഭിക്കുമെന്ന് ഉറപ്പ് വരുത്തുന്നതിനുമായി കേരള സർക്കാർ 2008-09 ൽ ആരംഭിച്ച അഭിമാനപദ്ധതി - ക്രയവിലസ്ഥിരതാപദ്ധതി, കൂടുതൽ ജനകീയമാക്കുന്നതിനും, ഈ രംഗത്തെ അവകാശപ്പെട്ട മുഴുവൻ ആളുകൾക്കു ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനുമുള്ള ബ്രഹത്തായ കർമ്മപദ്ധതി 2017 ആഗസ്റ്റ് 1-ാം തീയതി മുതൽ പ്രാബല്യത്തിലാകുന്നു. കർമ്മ പദ്ധതിയുടെ ഒന്നാംഘട്ടമെന്ന നിലയിൽ, കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ, കയർ വികസന വകുപ്പുമായി സഹകരിച്ചുകൊണ്ട്, കയർ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന മുഴുവൻ ചെറുകിട നിർമ്മാതാക്കളേയും പരിശോധിച്ച് ഉൽപ്പാദന കഴിവ് വിലയിരുത്തുന്നതിനും അവർ അംഗങ്ങളായ സഹകരണസംഘങ്ങൾ വഴിയുള്ള രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിനുമുള്ള പ്രവർത്തനം 2017 ഏപ്രിൽ, മെയ് മാസങ്ങളിലായി നടന്നു.

രണ്ടാംഘട്ടമായി നിലവിൽ, കയർ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ചെറുകിട ഉൽപ്പാദകരുടെ കീഴിൽ പണിയെടുക്കുന്ന മുഴുവൻ തൊഴിലാളികളുടേയും വിവരശേഖരണം (ഐ.ഡി. കാർഡ്, റേഷൻകാർഡ് എന്നിവ വഴി) 2017 മെയ്, ജൂൺ മാസങ്ങളിൽ പൂർത്തിയാക്കി.

ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ മുഴുവൻ തൊഴിലാളികളേയും അവരുടെ സംഘത്തിന്റെ അടിസ്ഥാനത്തിൽ കയർ കോർപ്പറേഷനിൽ നേരിട്ട് ലിങ്ക് ചെയ്യുന്ന മൂന്നാം ഘട്ട പ്രവർത്തനവും വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കയർ കോർപ്പറേഷനിൽ ലിങ്ക് ചെയ്ത മുഴുവൻ ചെറുകിടക്കാർക്കുമായി കയർ കോർപ്പറേഷന്റെ തിരിച്ചറിയൽ കാർഡ് നിർമ്മിച്ച് കഴിഞ്ഞു. ഈ തിരിച്ചറിയൽ കാർഡുകൾ 2017 ആഗസ്റ്റ് 1-ാം തീയതി മുതൽ ആലപ്പുഴയിലെ ചെറുകിടക്കാർക്ക് വിതരണം ചെയ്തു തുടങ്ങി.

ഇതുവരെ 4401 ചെറുകിട ഉൽപ്പാദകരാണ് 55 ചെറുകിട കയർ ഉൽപ്പന്ന നിർമ്മാണസഹകരണസംഘങ്ങളിലായി കയർ കോർപ്പറേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഇവർ വഴി രജിസ്റ്റർ ചെയ്യപ്പെട്ട കയർ തറകളിൽ ജോലിചെയ്യുന്ന 17604 തൊഴിലാളികളുടെ വിശദവിവരങ്ങൾ കൂടി

ശേഖരിച്ച് കഴിഞ്ഞു. രജിസ്റ്റർ ചെയ്യപ്പെട്ട 4401 ചെറുകിട ഉൽപ്പാദകരുടെ തിരിച്ചറിയൽ കാർഡുകൾ കയർ കോർപ്പറേഷൻ തയ്യാറാക്കിയിട്ടുണ്ട്.

ക്രയവിലസ്ഥിരതാപദ്ധതി കർമ്മ പരിപാടിയുടെ ഭാഗമായി 17604 തൊഴിലാളികൾക്ക് 15 ദിവസത്തേക്ക് തൊഴിൽ നൽകുന്നതിനുള്ള ഉൽപ്പാദന ഓർഡറുകൾ കൂടി ഈ ചടങ്ങിൽ വച്ച് ചെറുകിട സൊസൈറ്റികൾക്ക് വിതരണം ചെയ്യുന്നു. ആകെ 16.50 കോടി രൂപയുടെ ഓർഡറുകളാണ് ഇങ്ങനെ വിതരണം ചെയ്യുന്നത്.

കയർ കോർപ്പറേഷൻ പി.പി.എസ്.എസ്-ലൂടെ സംഭരിച്ച 35.00 കോടി രൂപയുടെ കൈത്തറി ഉൽപ്പന്നങ്ങൾ വിദേശ വിപണിയിൽ വിറ്റഴിക്കുവാനുള്ള പരിശ്രമത്തിന്റെ ഭാഗമായി കയറ്റുമതിക്കാർക്ക് കൊടുത്തുകൊണ്ടിരുന്ന ഡിസ്ക്കൗണ്ട് 7.5% ത്തിൽ നിന്നും 10% ആക്കി വർദ്ധിപ്പിച്ചു എങ്കിലും വേണ്ടത്ര ഫലം കണ്ടില്ല. ഈ സാഹചര്യത്തിൽ ആഭ്യന്തര വിപണിയിൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ശൃംഖല വടക്ക്, കിഴക്കൻ സംസ്ഥാനങ്ങളിൽ അടക്കം ശ്രമിക്കുകയാണ്.

കേരള സർക്കാരിന്റെ 2017 ആഗസ്റ്റ് 2 മുതൽ സെപ്റ്റംബർ 3 വരെ നടക്കുന്ന "ഓണം ഫെയർ 2017" എന്ന പരിപാടിയിലൂടെ 40.00 കോടി രൂപയുടെ കയറ്റുമതി ഗുണമേന്മയുള്ള സ്റ്റോക്ക് കയർ ഉൽപ്പന്നങ്ങൾ ഉൽപ്പാദന ചിലവിന്റെ 50% ഡിസ്ക്കൗണ്ട് നൽകി കേരളമൊട്ടുക്കുമുള്ള 108 വിപണനശാലകൾ വഴി വിറ്റഴിക്കുന്നുണ്ട്. ഇതുവഴി ഗുണമേന്മയുള്ള കയർ ഉൽപ്പന്നങ്ങൾ ജനങ്ങൾക്ക് പരിചയപ്പെടുത്താനും ഉൽപ്പന്നത്തിന്റെ ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനും കഴിയും. ഈ പരിപാടി കയറുൽപ്പന്ന വിപണനരംഗത്തും ഉൽപ്പാദന രംഗത്തും തൊഴിലുറപ്പും വികസനവും സാധ്യമാക്കും.

ആകർഷകമായ സമ്മാനപദ്ധതികൾ ആവിഷ്ക്കരിച്ചുകൊണ്ടുള്ള 1000.00 രൂപയുടെ കൂപ്പണുകൾ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും എത്തിക്കുന്നതിനുള്ള പരിശ്രമം നടന്നു വരുന്നു. കയർ തൊഴിലാളികളേയും ചെറുകിട ഉൽപ്പാദകരേയും സംരക്ഷിക്കുന്നതിനായി നടത്തുന്ന ഈ വിപണന മേളയിൽ കൂപ്പൺ എടുത്തും ഉൽപ്പന്നങ്ങൾ വാങ്ങിയും സഹായിക്കുവാൻ താൽപ്പര്യപ്പെടുന്നു.

ആർ. നാസർ

ചെയർമാൻ